"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ കേശവപുരം സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന്റെ വികസനത്തിനായി 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 5-ലെ വ്യവസ്ഥകൾ പ്രകാരം സ്ഥലം ആർജ്ജിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2536/2024/LSGD** **തീയതി, തിരുവനന്തപുരം, 24-12-2024**

---

പരാമർശം:-

1. കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 11.10.2023-ലെ VI (4) നമ്പർ തീരുമാനം.
2. തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 03/11/2023 തീയതിയിലെ LSGD/JD/TVM/5503/2023-B2 നമ്പർ നടപടിക്രമം.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07/11/2023-ലെ LSGD/PD/63362/2023-REV 5 നമ്പർ കത്ത്.
4. കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 22.11.2023-ലെ സാധാരണ യോഗത്തിലെ VII(11) നമ്പർ തീരുമാനം.
5. സ.ഉ.(സാധാ) നം. 6651/2024/ധന തീയതി, 02/09/2024.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ നഗരൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കേശവപുരം സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന് ദേശീയപാത വികസനത്തിന്റെ ഭാഗമായി നഷ്ടമാകുന്ന ഭൂമിക്ക് പകരമായി ഭൂമി ആർജ്ജിച്ച് സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് കെട്ടിടം പണിയുന്നതിനായി ചിറയിൻകീഴ് താലൂക്കിൽ വെള്ളല്ലൂർ വില്ലേജിലെ സ്ഥലം 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം (5) പ്രകാരം ആർജ്ജിക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തു.

2) കേശവപുരംസാമൂഹ്യ ആരോഗ്യകേന്ദ്രത്തിന് കെട്ടിടം പണിയുന്നതിനായി കിളിമാനൂർ ഗ്രാമപഞ്ചായത്ത് കണ്ടെത്തിയ സ്ഥലം ആശുപത്രി കെട്ടിടം പണിയുന്നതിന് അനുയോജ്യമാണെന്ന തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ പരാമർശം (2) അനുയോജ്യതാ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.

3) കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള കേശവപുരംസാമൂഹ്യ ആരോഗ്യകേന്ദ്രത്തിന് ദേശീയപാതാ വികസനത്തിന്റെ ഭാഗമായി നഷ്ടമാകുന്ന ഭൂമിയ്ക്ക് പകരം ഭൂമി വാങ്ങുന്നതിന് ഏകദേശം രണ്ടരക്കോടിയോളം രൂപ വേണ്ടിവരുമെന്നും ബ്ലോക്ക് പഞ്ചായത്തിന് തനതുവരുമാനം ഇല്ലാത്തതിനാലും മേഖലാ വിഭജനം കഴിഞ്ഞ് ലഭ്യമാകുന്ന വികസനഫണ്ട് വിഹിതം നാമമാത്രമായതിനാലും സർക്കാരിൽ നിന്നും ടി ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം അനുവദിച്ചു നല്കണമെന്ന് പരാമർശം (4) പ്രകാരം കിളിമാനൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

4) കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിലെ കേശവപുരം സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന് കെട്ടിടം പണിയുന്നതിന് സ്ഥലം വാങ്ങുന്നതിന് പരാമർശം (5) പ്രകാരം 4515- Capital Outlay on Other Rural Development Progammes - 800 Other Expenditure - 90 Land Acquisition Activities of Kesavapuram CHC Block (Plan- Voted) എന്ന ശീഷകത്തിൽ 2,11,00,000/- രൂപ (രണ്ട് കോടി പതിനൊന്ന് ലക്ഷം രൂപ മാത്രം) അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള കേശവപുരം സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന് ദേശീയപാതാ വികസനത്തിന്റെ ഭാഗമായി നഷ്ടമാകുന്ന സ്ഥലത്തിന് പകരം സ്ഥലം ആവശ്യമാണെന്ന കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം പരിഗണിച്ചു ചിറയിൻകീഴ് താലൂക്കിൽ വെള്ളല്ലൂർ വില്ലേജിൽ ബ്ലോക്ക് നം. 038-ൽ 5826 തണ്ടപ്പേരിൽ റീസർവ്വെ നം. 576/3-ൽ ഉൾപ്പെട്ട 82 ആർ പുരയിടവും ബ്ലോക്ക് നം. 038-ൽ 18445 തണ്ടപ്പേരിൽ റീസർവ്വെ നം. 576/7-1 ൽപ്പെട്ട 1 ആർ 62 സ്ക്വയർ മീറ്റർ പുരയിടവും, ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകളോടെ, 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഉഭയസമ്മതപ്രകാരം, ഉചിത തലത്തിലുള്ള റവന്യൂ അധികാരിയുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റിൽ അധികരിക്കാത്ത തുകയ്ക്ക് ആർജ്ജിക്കുന്നതിന് കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

- വസ്തു ഉഭയസമ്മതപ്രകാരം വിലയ്ക്ക് ഏറ്റെടുക്കുന്ന നടപടിയിൽ വില സംബന്ധമായി ഭാവിയിൽ ഉണ്ടായേക്കാവുന്ന എല്ലാ കോടതി വ്യവഹാരങ്ങളിലും ബ്ലോക്ക് പഞ്ചായത്ത് പൂർണ്ണ ഉത്തരവാദിയായിരിക്കുന്നതാണ്.
- ആർജ്ജിക്കൽ ഉദ്ദേശിക്കുന്ന വസ്തുവിന് നൽകുന്ന വില ബന്ധപ്പെട്ട ജില്ലാകളക്ടർ/തഹസിൽദാർ രേഖാമൂലം നിശ്ചയിക്കുന്ന വിലയിൽ കവിയുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- ഉഭയസമ്മത പ്രകാരം ആജ്ജിക്കുന്ന മേൽ വസ്തുവുമായി ബന്ധപ്പെട്ട യാതൊരു ബാധ്യതകളും സർക്കാർ എറ്റെടുക്കുന്നതല്ല.

- നിർദ്ദിഷ്ട ഭൂമി കേശവപുരം സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിനായി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ.&പി.ആർ.ഡി. (വെബ് & ന്യൂമീഡിയ).
റവന്യൂ വകുപ്പ് (ഫയൽ നം. റവ-ബി3/197/2024-റവ പ്രകാരം)
നിയമ വകുപ്പ് (ഫയൽ നം. OPN-D3/214/2024-LAW പ്രകാരം)
ധനകാര്യ വകുപ്പ് (ഫയൽ നം.2675840/DEV-2/21/2024-FIN പ്രകാരം)
കരുതൽ ശേഖരം/ഓഫീസ് കോപ്പി (ഫയൽ നം. RE1/421/2023/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 28-12-2024 10:44:50
സെക്ഷൻ ഓഫീസർ